**2018 നവംബർ 8 ൽ മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം**

---

## നോട്ടുനിരോധനത്തിന്റെ രണ്ടാം വാർഷികം ഇന്ന്

# പാഴായ ദൗത്യം

**ഡോ. ബി. എ. പ്രകാശ്**

ഇന്ത്യയിൽ നോട്ടുനിരോധനം നടപ്പിലാക്കിയിട്ട് നവംബർ എട്ടിന് രണ്ടു വർഷം തികയുന്നു. കള്ളപ്പണവും അഴിമതിയും ഇല്ലാതാക്കുന്നതിനുള്ള ഏറ്റവും വിപ്ലവകരമായ നടപടിയായിട്ടാണ് ഇതിനെ കേന്ദ്രസർക്കാർ അവതരിപ്പിച്ചത്. അഴിമതി, കള്ളപ്പണം, കള്ളനോട്ട്, ആയുധഇടപാട്, ഭൂമിയിടപാട്, തീവ്രവാദ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ഫണ്ട് സമാഹരണം എന്നിവയ്ക്ക് വൻതോതിൽ കള്ളപ്പണവും കള്ളനോട്ടും ഉപയോഗിയ്ക്കുന്നു. ഇതിൽ നല്ലൊരു പങ്കും 500, 1000 രൂപയുടെ കറൻസി നോട്ടുകളിലാണ് സൂക്ഷിച്ചിരിയ്ക്കുന്നത്. ഈ സാഹചര്യത്തിലാണ് 500, 1000 രൂപയുടെ കറൻസി നോട്ടുകൾ 2016 നവംബർ 8 ന് അസാധുവാക്കിയത്. ഡിജിറ്റലൈസേഷൻ വഴി കറൻസി ഉപയോഗം കുറയ്ക്കുകയാണ് മറ്റൊരു ലക്ഷ്യം. എന്നാൽ രണ്ടു വർഷത്തെ അനുഭവം പരിശോധിച്ചാൽ കള്ളപ്പണവും കറൻസി ഉപയോഗവും കുറയുന്നതിന് പകരം വർധിക്കുകയാണ് ഉണ്ടായത്. കള്ളപ്പണത്തിന്റെ തിക്തഫലം അനുഭവിയ്ക്കുന്ന സാധാരണക്കാരെ സംരക്ഷിക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കിയ ഈ നടപടി ഇവർക്ക് സാമ്പത്തിക ദുരിതവും സൃഷ്ടിച്ചു. ഈ വിഷയം ചർച്ച ചെയ്യുകയാണ് ഈ ലേഖനത്തിൽ.

### സമ്പദ്ഘടന മരവിച്ചു

നോട്ടുനിരോധനം മൂലം രാജ്യത്ത് പ്രചാരത്തിൽ ഉണ്ടായിരുന്ന കറൻസിയുടെ 86 ശതമാനവും അസാധുവാക്കപ്പെട്ടു (15.41 ലക്ഷം കോടി രൂപ). പഴയ കറൻസി മാറ്റിയെടുക്കുന്നതിനും ബാങ്കുകളിൽ നിന്നും എ.ടി.എമ്മുകളിൽ നിന്നും പണം പിൻവലിക്കുന്നതിനും കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പുന:ക്രമീകരണ പ്രവർത്തനങ്ങൾ വേണ്ടിവന്നതിനാൽ ഏതാണ്ട് 50,000 എ.ടി.എമ്മുകൾ രണ്ടു മാസക്കാലം പ്രവർത്തിക്കാത്ത അവസ്ഥയുണ്ടായി. ഏതാണ്ട് 85 ശതമാനത്തോളം ചില്ലറ വ്യാപാരവും സാധാരണ പണമിടപാടുകളും കറൻസി ഉപയോഗിച്ച് നടന്നിരുന്ന ഇന്ത്യൻ സമ്പദ്ഘടനയിൽ നോട്ടുനിരോധനവും അത് സൃഷ്ടിച്ച അതിരൂക്ഷമായ കറൻസി ക്ഷാമവും വൻകിട ഇടപാടുകൾ ഒഴിച്ച് മറ്റെല്ലാ സാമ്പത്തിക പ്രവർത്തനങ്ങളെയും സ്തംഭനാവസ്ഥയിലാക്കി. ബാങ്കുകളുടെയും എ.റ്റി.എമ്മുകളുടെയും മുന്നിലെ തിക്കിലും തിരക്കിലും പെട്ട് 105പേർ മരിച്ചു. നോട്ടുക്ഷാമം മാറി നോട്ടുവിതരണം സാധാരണഗതിയിലേക്ക് എത്താൻ ഏതാണ്ട് അഞ്ചു മാസം വേണ്ടി വന്നു.

## കള്ളപ്പണം കൂടി

ഏതാണ്ട് മൂന്നു ലക്ഷം കോടി രൂപയ്ക്കുള്ള പഴയ കറൻസി നോട്ടുകൾ കള്ളപ്പണമോ കള്ളനോട്ടോ ആണെന്നും അവ ബാങ്കുകളിലേക്ക് തിരിച്ചുവരാൻ സാധ്യതയില്ലെന്നുമാണ് സർക്കാർ വൃത്തങ്ങൾ പറഞ്ഞിരുന്നത്. എന്നാൽ അസാധുവാക്കപ്പെട്ട 15.41 ലക്ഷം കോടി രൂപയിൽ 99.3 ശതമാനവും ബാങ്കുകളിലേക്ക് തിരിച്ചെത്തി. ഇത് കാണിയ്ക്കുന്നത് ഈ നടപടി കള്ളപ്പണം ഇല്ലാതാക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടുവെന്നാണ്. മാത്രവുമല്ല കള്ളപ്പണം, കള്ളനോട്ട് എന്നീ ഇടപാടുകൾ 2016-17ൽ മുൻവർഷത്തേക്കാൾ വൻവർധനയുണ്ടായി എന്നാണ്, കേന്ദ്രധനമന്ത്രാലയത്തിന്റെ ഫൈനാൻസ് ഇന്റെലിജെൻസ് യൂണിറ്റിന്റെ വാർഷിക റിപ്പോർട്ടിൽ പറയുന്നത്. അതനുസരിച്ച് ബാങ്കുകളിലും മറ്റുധനകാര്യ സ്ഥാപനങ്ങളിലും നടന്ന സംശയാസ്പദമായ ധനകാര്യ ഇടപാടുകൾ 2015-16ൽ 1,05,973 ആയിരുന്നത് 2016-17ൽ 4,73,006 ആയി വർധിച്ചു (346 ശതമാനം വർധന). ബാങ്കുകളിൽ കിട്ടിയ കള്ളനോട്ടുകളെക്കുറിച്ചുള്ള റിപ്പോർട്ടുകളുടെ എണ്ണം 2015-16ൽ 4,10,899 ആയിരുന്നത് 2016-17ൽ 7,33,508 ആയി വർദ്ധിച്ചു (78 ശതമാനം വർധന). ഇത് സൂചിപ്പിക്കുന്നത് നോട്ടുനിരോധനം മൂലം കള്ളപ്പണഇടപാടുകളും കള്ളനോട്ടുവിതരണവും കുറയുന്നതിന് പകരം കൂടുകയാണ് ഉണ്ടായത്. മാത്രവുമല്ല നോട്ടുനിരോധനവും അനുബന്ധനടപടികൾ മൂലവും കള്ളപ്പണം വൻതോതിൽ നിക്ഷേപിച്ചിരുന്ന ഭൂമി, റിയൽ എസ്റ്റേറ്റ്, സ്വർണം, വിദേശരാജ്യങ്ങളിലെ ബാങ്ക് നിക്ഷേപം, കള്ളപ്പണം വെളുപ്പിയ്ക്കുന്ന സ്ഥാപനങ്ങൾ, കമ്പനികൾ, കള്ളപ്പണം സൂക്ഷിക്കുന്ന രാഷ്ട്രീയക്കാർ, രാഷ്ട്രീയപാർട്ടികൾ, വൻതുക ബാങ്ക് വായ്പ തട്ടിപ്പ് നടത്തിയവർ തുടങ്ങിയവരിൽ നിന്ന് കള്ളപ്പണമായി ഒന്നും പിടിച്ചെടുക്കാനും കഴിഞ്ഞില്ല.

## കറൻസി ഉപയോഗം വർധിച്ചു

നോട്ടുനിരോധനം മൂലം ഡിജിറ്റലൈസേഷൻ വർധിക്കുമെന്ന ലക്ഷ്യം യാഥാർത്ഥ്യമായില്ല. നോട്ടുനിരോധനത്തിന്റെ തൊട്ടുമുൻപ് പ്രചാരത്തിലുള്ള കറൻസിയുടെ മൂല്യം 17.97 ലക്ഷം കോടിയായിരുന്നത് 2018 മാർച്ചിൽ 18.03 ലക്ഷം കോടിയായി വർദ്ധിച്ചു. കറൻസിക്ഷാമം മൂലം ഡിജിറ്റൽ പേയ്മെന്റിൽ വർധന ഉണ്ടായെങ്കിലും പിന്നീട് ഈ പ്രവണത മാറി. സി.എം.എസ് ഇൻഫോ സിസ്റ്റത്തിന്റെ (57,000 ത്തിലധികം എ.ടി.എമ്മുകളെ മാനേജ് ചെയ്യുന്ന കമ്പനി) പ്രസ്താവന അനുസരിച്ച് നോട്ടുനിരോധനത്തിന് ശേഷമുള്ള കാലഘട്ടത്തിൽ ഇന്ത്യയിൽ ജനങ്ങൾ കൂടുതൽ കറൻസി ഉപയോഗിയ്ക്കുന്ന പ്രവണതയിലേക്ക് മാറിക്കൊണ്ടിരിയ്ക്കുന്നു. എ.ടി.എമ്മുകൾ കൃത്യമായി പ്രവർത്തിക്കാത്ത അവസ്ഥ, തന്മൂലം കൂടുതൽ പണം പിൻവലിച്ച് കൈവശം വയ്ക്കേണ്ട അവസ്ഥ, ഏതാണ്ട് 20 കോടിയോളം പ്രായപൂർത്തിയായവർക്ക് ബാങ്ക് അക്കൌണ്ട് ഇല്ലാത്ത അവസ്ഥ, ഗ്രാമപ്രദേശങ്ങളിലും മറ്റും എ.ടി.എമ്മുകൾ ഇല്ലാത്തതും, ഇവയുടെ എണ്ണം വർധിയ്ക്കാത്ത അവസ്ഥയും, ഡിജിറ്റലൈസേഷൻ സമ്പ്രദായത്തിലുള്ള തട്ടിപ്പും, അപകട സാധ്യതയും, അധിക ചെലവ് തുടങ്ങിയവ മൂലം ജനങ്ങൾ കൂടുതൽ കറൻസി കൈവശം വയ്ക്കുന്ന പ്രവണതയിലേക്കും കറൻസി ഉപയോഗത്തിലേക്കും മാറുന്നു.

## കർഷകരെ തകർത്തു

ഇന്ത്യൻ സമ്പദ്ഘടനയിലുള്ള മൊത്തം തൊഴിലാളികളിൽ 55 ശതമാനവും കാർഷിക രംഗത്തുള്ള കർഷകരും കർഷക തൊഴിലാളികളുമാണ്. മൊത്തം കർഷകരിൽ 67 ശതമാനവും ഒരു ഹെക്ടറിനു താഴെ ഭൂമിയുള്ള നാമമാത്ര കർഷകരും ദരിദ്രരും ആണ് (ശരാശരി പ്രതിശീർഷ കൃഷിഭൂമി 0.39 ഹെക്ടർ). നോട്ടുനിരോധനത്തിനു ശേഷമുള്ള മൂന്നു ക്വാർട്ടറുകളിലെ കാർഷിക മേഖലയിലെ സാമ്പത്തിക വളർച്ച നിരക്ക് മുൻ ക്വാർട്ടറിനെ അപേക്ഷിച്ച് നെഗറ്റിവ് ആയിരുന്നു. കാർഷിക മേഖലയിലെ ഏതാണ്ട് എല്ലാ പ്രവർത്തനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും കർഷകരുടെ ഏതാണ്ട് എല്ലാത്തരം പണമിടപാടുകളും നടന്നിരുന്നത് കറൻസി ഉപയോഗിച്ചാണ്. നോട്ടുനിരോധനം ഏതാണ്ട് ഒരു ഭൂകമ്പം പോലെ കാർഷിക മേഖലയെയും കർഷകരെയും കർഷകതൊഴിലാളികളെയും തകർത്തു. വേഗം കേടു വരുന്ന കാർഷിക ഉൽപ്പന്നങ്ങളായ പച്ചകറികൾ, പഴങ്ങൾ, പൂക്കൾ, മത്സ്യം, പാൽ തുടങ്ങിയവ വാങ്ങാൻ ആളില്ലാതെ പലസ്ഥലങ്ങളിലും നശിപ്പിക്കേണ്ട അവസ്ഥയുണ്ടായി.

## നിലംപരിശായ അസംഘടിത മേഖല

ഇന്ത്യയിലെ മൊത്തം തൊഴിലാളികളിൽ 85 ശതമാനത്തിലധികം തൊഴിലാളികളും പ്രവർത്തിക്കുന്നത് അസംഘടിത മേഖലയിലാണ്. രാജ്യത്തിന്റെ ജി.ഡി.പി.യിൽ ഏതാണ്ട് 45 ശതമാനം ഈ മേഖലയുടെ വിഹിതമാണ്. സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾ ലഭിക്കുന്ന സ്ഥിര സ്വഭാവത്തിലുള്ള തൊഴിലാളികൾ ഒഴിച്ചുള്ള എല്ലാത്തരം തൊഴിലും അസംഘടിത തൊഴിലാണ്. അസംഘടിത മേഖലയിലെ ഏതാണ്ട് എല്ലാ പ്രവർത്തനങ്ങൾക്കും കറൻസിയാണ് പൊതുവിൽ ഉപയോഗിക്കാറുള്ളത്. നോട്ടു നിരോധനം മൂലം വൻപ്രതിസന്ധിയാണ് ഈ മേഖലയിൽ ഉണ്ടായിട്ടുള്ളത് ഇതുമൂലം ലക്ഷകണക്കിന് ചെറുകിട വ്യവസായ സർവീസ് സ്ഥാപനങ്ങൾ പൂട്ടിപോയി. സെന്റർ ഫോർ മോണിറ്ററിങ്ങ് ഇന്ത്യൻ എക്കോണോമിയുടെ കണക്കനുസരിച്ച് വ്യവസായ മേഖലയിൽ മാത്രം 15 ലക്ഷത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. എന്നാൽ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് കറൻസിയേതര സംവിധാനങ്ങൾ ഉപയോഗിക്കുന്ന വൻകിട വ്യവസായ, സർവീസ് സ്ഥാപനങ്ങളെ നോട്ടുനിരോധനം ബാധിച്ചില്ല.

ഈ ചർച്ച ഉപസംഹരിക്കാം. ലക്ഷ്യമിട്ടിരുന്ന കള്ളപ്പണമോ, അഴിമതിയോ, കള്ളനോട്ടോ, കറൻസി ഉപയോഗമോ നോട്ടു നിരോധനം മൂലം നേടാൻ കഴിഞ്ഞില്ല. സാധാരണക്കാരെ സംരക്ഷിക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കിയ ഈ നടപടി രാജ്യത്തെ ബഹുഭൂരിപക്ഷം പേർക്കും സാമ്പത്തിക പ്രതിസന്ധിയും ദുരിതവും ആണ് നൽകിയത്. ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയും രാജ്യത്തിന്റെ സാമ്പത്തിക യാഥാർഥ്യങ്ങളും പരിഗണിക്കാതെയും വേണ്ട മുൻഒരുക്കങ്ങൾ ഇല്ലാതെയും നടപ്പിലാക്കിയ ഈ നടപടി ഗുണത്തെക്കാൾ ദോഷമേ ഉണ്ടാക്കിയിട്ടുള്ളൂ എന്ന പാഠമാണ് നൽകുന്നത്.

**(അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ അധ്യക്ഷനായിരുന്നു ലേഖകൻ)**